പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *559 | 27-07-2015 -ൽ മറുപടിക്ക്

# കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. മമ്മൂട്ടി**<br>**ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. പി.ബി.അബ്ദുൾ റസാക്**<br>**ശ്രീ. പി.കെ.ബഷീർ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ഇക്കഴിഞ്ഞ കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | എ) | 2015 -ലെ കാലവർഷത്തിൽ ഇതുവരെ കണക്കാക്കിയിട്ടുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| ബി) | നാശനഷ്ടങ്ങൾക്കിരയായവർക്കുള്ള സമാശ്വാസ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചത്; | ബി) | വെള്ളപ്പൊക്കം മൂലം ഭവനരഹിതരായവരെ അടിയന്തിര സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള ഫണ്ട് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. |
| സി) | ആശ്വാസ നടപടികളുടെ കേന്ദ്രീകൃത മോണിറ്ററിംഗിന് ഏർപ്പെടുത്തിയ സംവിധാനമെന്താണെന്നു വ്യക്തമാക്കുമോ? | സി) | ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ കൺട്രോൾ റൂമുകളിലൂടെ ജില്ലകളിൽ നിന്നും നാശനഷ്ടങ്ങളെ സംബന്ധിച്ച് ദിനം പ്രതിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതും സമാഹൃത രൂപത്തിൽ തയ്യാറാക്കുന്നതും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമാണ്. കാലവർഷം തീരുന്ന മുറയ്ക്ക് വിശദമായ കണക്കുകൾ ജില്ലകളിൽ നിന്നും മറ്റ് വകുപ്പുകളിൽനിന്നും ശേഖരിക്കുകയും ആയതിൻമേൽ ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യും. കാലവർഷത്തിന് മുന്നോടിയായി ജില്ലകൾ സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ച് ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിർദ്ദേശം നൽകുകയും ആയതനുസരിച്ച് ജില്ലകൾ സ്വീകരിച്ച നടപടികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. അവശ്യഘട്ടങ്ങളിൽ State Emergency Operations Centre-ഉം ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | കൃഷി നാശം | | വീടുകൾ തകർന്നത് | | | മരണം | ആകെ നഷ്ടം (തുക ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|
| | വിസ്തൃതി (ഹെക്ടറിൽ) | തുക ( രൂപ ലക്ഷത്തിൽ) | പൂർണ്ണമായും തകർന്നത് | ഭാഗികമായി തകർന്നത് | നാശ നഷ്ട തുക ( രൂപ ലക്ഷത്തിൽ) | | |
| **തിരുവനന്തപുരം** | **219.02** | **282.978** | **3** | **831** | **101.46** | | **384.438** |
| കൊല്ലം | | - | 7 | 145 | 16.269 | | |
| **പത്തനംതിട്ട** | **29.508** | **54.59** | **2** | **348** | **30.63** | **5** | **85.22** |
| **ആലപ്പുഴ** | **965.83** | **860.58** | **25** | **304** | **60.23** | **4** | **920.81** |
| **കോട്ടയം** | **230.36** | **146** | **6** | **563** | **175** | **2** | **321** |
| **ഇടുക്കി** | **2655.98** | **3172.35** | **27** | **737** | **178.33** | **6** | **3350.68** |
| **എറണാകുളം** | **155** | **324.95** | **16** | **247** | **164.69** | **5** | **489.64** |
| **തൃശ്ശൂർ** | **-** | **-** | **6** | **204** | **36.9174** | **9** | **36.9174** |
| **പാലക്കാട്** | **354.21** | **1521.7** | **20** | **1301** | **154.1** | **-** | **1675.8** |
| **മലപ്പുറം** | **158.12** | **651.79** | **6** | **565** | **287.83** | **3** | **939.62** |
| കോഴിക്കോട് | | 217.975 | | | 226.6493 | | |
| **വയനാട്** | **447.94** | **898.92** | **8** | **527** | **130** | **1** | **1032.92** |
| **കണ്ണൂർ** | **465** | **376.617** | **8** | **416** | **97.9265** | **9** | **474.5435** |
| **കാസർഗോഡ്** | **853.4** | **169** | **21** | **172** | **59.3** | **8** | **228.3** |
| **ആകെ** | **6534.37** | **8677.45** | **155** | **6360** | **1719.33** | **52** | **9939.89** |

സെക്ഷൻ ഓഫീസർ